
9 -ാം വർഷം
2025
ഏപ്രിൽ 20
ഉയർപ്പ് തിരുനാൾ

# Laity Reflect on
## SYRO-MALABAR SUNDAY MASS
## SCRIPTURE READINGS




### ഒരു യാത്രയുടെ കഥ

മഗ്ദലന മുക്കോട്ട വാലെൻസിയ എന്നാണ് അവളുടെ പേര്. 34 വയസുകാരി. നാലു മക്കളുടെ അമ്മ. കൊളംബിയായിലെ സാൻജോസിലേക്ക് ഒരു ചെറിയ വിമാനത്തിൽ ബ്രസീലിലെ സാവോപോളോയിൽ നിന്ന് യാത്ര പുറപ്പെട്ട അവർക്ക് ലക്ഷ്യത്തിൽ എത്തിച്ചേരാൻ കഴിഞ്ഞില്ല. ആമസോൺ മഴക്കാടുകൾക്കു മുകളിൽ വച്ച് അവർ സഞ്ചരിച്ചിരുന്ന ചെറുവിമാനം തകർന്നു വീണു. 2023 മെയ് ഒന്നാം തീയതിയായിരുന്നു അന്ന്. സാധാരണയായി വിമാനം തകരുമ്പോൾ കത്തിത്തീരുകയാണ് . എന്നാൽ സെസന 206 എന്ന ആ ചെറുവിമാനം മരങ്ങളിൽ തട്ടിത്തട്ടി താഴെ വീഴുകയാണുണ്ടായത്. അപകടത്തിൽ പൈലറ്റും സഹപൈലറ്റും സംഭവസ്ഥലത്തുവച്ചുതന്നെ മരിച്ചു. മഗ്ദലനയും മക്കളും അതിനെ അതിജീവിച്ചു. എന്നാൽ മഗ്ദലനയ്ക്ക് മാരകമായ മുറിവുകൾ സംഭവിച്ചിരുന്നു.




വിനായക് നിർമ്മൽ

അതേതുടർന്ന് രണ്ടോ മൂന്നോ ദിവസങ്ങൾക്കു ശേഷം അവൾ മരിച്ചു. ആമസോൺ വനത്തിൽ ആ നാലുകുട്ടികൾ മാത്രം അവശേഷിച്ചു...

## ഓപ്പറേഷൻ ഹോപ്പ്

റഡാറിൽ വിമാനം അവസാനമായി പതിഞ്ഞ പ്രദേശം ആമസോണിലെ കാക്കിറ്റ ആയിരുന്നു. വിമാനാപകടത്തിൽ പെട്ടവരെ രക്ഷിക്കാനായി റെസ്ക്യൂ സേന പുറപ്പെട്ടു. ഓപ്പറേഷൻ ഹോപ്പ് എന്നായിരുന്നു അവർ തങ്ങളുടെ ദൗത്യത്തിന് നല്കിയിരുന്ന പേര്. പ്രത്യാശയോടെയും പ്രതീക്ഷയോടെയുമാണ് അവർ അന്വേഷണം ആരംഭിച്ചത്.

## മിറക്കിൾ

ഓപ്പറേഷൻ ഹോപ്പിന് വേണ്ടി അവർ ഉപയോഗിച്ചിരുന്ന കോഡ് വാക്ക് 'മിറക്കിൾ' എന്നായിരുന്നു. ആമസോൺ വനത്തിന്റെ വിശാലതയിൽ പല സംഘങ്ങളായിട്ടാണ് അവര് അന്വേഷണം നടത്തിയിരുന്നത്. അതിനിടയിലാണ് ഓർഡോനെസ് എന്നു പേരുള്ള സംഘാംഗം ഉച്ചത്തിൽ വിളിച്ചുപറഞ്ഞത്. 'മിറക്കിൾ.. മിറക്കിൾ..'

വനത്തിന്റെ ഭീകരതയിൽ ആ ശബ്ദം പ്രതിദ്ധ്വനിച്ചു. സംഘാംഗങ്ങൾ ശബ്ദം കേട്ടിടത്തേക്ക് ഓടിച്ചെന്നു. അപ്പോൾ അവർ കണ്ടത് നാലു കുട്ടികളും സുരക്ഷിതമായിരിക്കുന്നതാണ്. അത് അത്ഭുതമാകാതിരിക്കുന്നതെങ്ങനെ?

## അസാധ്യം, പക്ഷേ

ആമസോൺ വനത്തിൽ അകപ്പെട്ടുപോയവർ രക്ഷപ്പെടുക അത്ര എളുപ്പമല്ല. ചില അതിജീവനകഥകൾ വേറെയുമുണ്ട്. എന്നാൽ അതിൽ നിന്നെല്ലാം വ്യത്യസ്തമാണ് ഈ കഥ. കാരണം ഇതിലെ കഥാപാത്രങ്ങളായ കുട്ടികൾ പതിമൂന്നു വയസു മുതൽ പതിനൊന്നു മാസം വരെ പ്രായമുള്ളവരായിരുന്നു. പക്ഷേ നാല്പതു ദിവസം അവർ വനത്തിൽ കഴിച്ചുകൂട്ടി. അവരവർ മാത്രം തുണയായി. ആമസോൺ വനത്തെക്കുറിച്ച് ഏകദേശമെങ്കിലും ഒരു ധാരണ നമുക്കെല്ലാവർക്കുമുണ്ട്. ചെറിയൊരു കാട്ടിൽ പോലും അകപ്പെട്ടു പോയാൽ എന്തുമാത്രം പരിഭ്രാന്തരാകുന്നവരാണ് നമ്മൾ. എന്നിട്ടാണ് നമുക്ക് സങ്കല്പിക്കാൻ പോലും കഴിയാത്ത വിധത്തിലുള്ള ആമസോൺ കാട്ടിൽ ആ പൊടിക്കുഞ്ഞുങ്ങൾ അതിജീവിച്ചത്.

ചില പ്രതിസന്ധികളും വെല്ലുവിളികളും നമുക്കു മുമ്പിൽ എഴുതിവയ്ക്കുന്ന ഒരു പേരുണ്ട്. അസാധ്യം. ഇനിയൊന്നും സംഭവിക്കാൻ പോകുന്നില്ല.. ഇനി നിന്നെ രക്ഷപ്പെടുത്താൻ ആരും വരില്ല. നിന്റെ എല്ലാ സാധ്യതകളും അവസാനിച്ചിരിക്കുന്നു. മാനുഷികമായ എല്ലാ സാധ്യതകളും അവസാനിക്കുമ്പോഴായിരിക്കും ദൈവികമായ ഇടപെടൽ സംഭവിക്കുന്നത്. യേശു അപ്പോഴും ഗ്രാമത്തിൽ പ്രവേശിച്ചിട്ടില്ലായിരുന്നുവെന്ന് തിരുവചനം രേഖപ്പെടുത്തുന്നതുപോലെ യേശു ജീവിതത്തിലേക്ക് കടന്നു വരുമ്പോഴാണ് അത്ഭുതങ്ങൾ സംഭവിക്കുന്നത്. സ്വാഭാവികമായും സംഭവിക്കുന്ന ഒരു കാര്യവും നമ്മെ അത്ഭുതപ്പെടുത്താറില്ല. അസ്വാഭാവികമായും അസാധ്യമായും കരുതപ്പെടുന്നവ സംഭവിക്കുമ്പോഴാണ് അത് അത്ഭുതമാകുന്നത്. ഒരു അത്ഭുതത്തിന് എല്ലാ മനുഷ്യരുടെയും ജീവിതത്തിൽ സാധ്യതകൾ അവശേഷിക്കുന്നുണ്ട്.

## ഈസ്റ്റർ

രണ്ടായിരത്തിൽപ്പരം വർഷങ്ങൾക്കു മുമ്പ് സംഭവിച്ച ആ അത്ഭുതത്തിന്റെ ഓർമ്മയാണ് ഓരോ വർഷവും ഈസ്റ്ററായി നാം ആചരിക്കുന്നത്. മരിച്ചുപോയ ഒരു മനുഷ്യൻ. അതും സാധാരണ മരണമല്ല. അത്യന്തം ശോചനീയമായ മരണം. അയാൾക്ക് ശത്രുക്കൾ ഏറെയുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ആ മൃതശരീരം അടക്കം ചെയ്തപ്പോൾ പോലും അവർ ഏറെ മുൻകരുതലുകൾ എടുത്തിരുന്നു. എന്നിട്ടും അവയെയെല്ലാം നിഷ്പ്രഭമാക്കി അവൻ ഉയിർത്തെണീറ്റു. ലോകചരിത്രത്തിൽ അതിനു മുമ്പും അതിനു ശേഷവും അങ്ങനെയൊന്ന് സംഭവിച്ചിട്ടില്ല.

അസ്വാഭാവികതകളുടെ സംഗമമായിരുന്നു ക്രിസ്തുവിന്റെ ജീവിതം. അല്ലെങ്കിൽ നോക്കൂ. കന്യക ഗർഭം ധരിക്കുന്നു. പുരുഷനെ അറിയാതെ പ്രസവിക്കുന്നു. വെള്ളം വീഞ്ഞാക്കി മാറ്റുന്നു. അഞ്ചപ്പം കൊണ്ട് അയ്യായിരങ്ങളെ അന്നമൂട്ടുന്നു. ഏറ്റവും ഒടുവിൽ മരിച്ചിട്ടും ഉയിർത്തെണീല്ക്കുന്നു. ജീവിതത്തിൽ പ്രതീക്ഷയുള്ളവരാകാനുള്ള ആഹ്വാനമാണ് ഈസ്റ്റർ നല്കുന്നത്.

## പോരാടുക, പൊരുതുക

ആമസോൺ കാട്ടിൽ അകപ്പെട്ടു പോയ ആ പൊടിക്കുഞ്ഞുങ്ങളിലേക്ക് തന്നെ മടങ്ങാം. അവർ വലിയ പോരാളികളായിരുന്നു. ആത്മശക്തിയും വിപദിധൈര്യവും കാടിനെക്കുറിച്ചുള്ള അറിവുമാണ് അവരുടെ അതിജീവനത്തിന് കാരണമായത്. അവർക്കറിയാമായിരുന്നു എന്തൊക്കെ കഴിക്കണം, എന്തൊക്കെ കഴിക്കരുത് എന്ന്. കൂടാതെ കാട്ടുമൃഗങ്ങളുടെ സഞ്ചാരപാതകളെക്കുറിച്ച്, അവയുടെ കണ്ണിൽപ്പെടാതെ മറഞ്ഞിരിക്കാനുള്ള തന്ത്രങ്ങളെക്കുറിച്ച്... പലരും പോരാട്ടത്തിന്റെ കാര്യത്തിൽ അജ്ഞരും അശക്തരുമാണ്. ശത്രുവിനെ കീഴ്പ്പെടുത്താനുള്ള തന്ത്രങ്ങളോ ഒഴിഞ്ഞുപോകാനുള്ള വഴികളോ നമുക്കറിയില്ല. അതുകൊണ്ടാണ് പല ഇടർച്ചകൾക്കും നാം കീഴ്പ്പെട്ടുപോകുന്നത് അതിജീവിക്കാനുള്ള ശക്തിയെക്കാളേറെ വിധേയപ്പെടാനുള്ള ദുർബലതയാണ് നമുക്കെല്ലാം കൂടുതലുള്ളത്. അതിജീവിക്കാനുള്ള വഴികൾ നാം തേടുന്നില്ല, തേടാത്തതുകൊണ്ട് കണ്ടെത്തുന്നുമില്ല. നമ്മൾ തന്നെയോ മറ്റുള്ളവരോ ചേർന്ന് അടച്ചുവച്ച കല്ലറകളിലായിരിക്കാം നാം. അതിൽ നിന്ന് പുറത്തുകടക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളൊന്നും നമ്മുടെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. എല്ലാവർക്കും ഒരു ഉയിർപ്പുണ്ട്. സങ്കടങ്ങളിൽ നിന്നും അവഗണനകളിൽ നിന്നും തിരസ്ക്കരണങ്ങളിൽ നിന്നും തിക്തമായ അനുഭവങ്ങളിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും സ്നേഹനിരാസങ്ങളിൽ നിന്നും എല്ലാം നിനക്ക് ഒരു ഉയിർപ്പുണ്ട്.

കാത്തിരിക്കണം, പ്രതീക്ഷയുണ്ടായിരിക്കണം. അതു പ്രധാനമാണ്.

## അന്വേഷണങ്ങൾക്കു പിന്നിൽ

അന്വേഷണങ്ങൾക്കു പിന്നിൽ രണ്ടു കാരണങ്ങളുണ്ട്. സ്നേഹം, പ്രതീക്ഷ. കാണാതെ പോയ ചില വ്യക്തികൾക്കുവേണ്ടി അവരുടെ പ്രിയപ്പെട്ടവർ നടത്തുന്ന അന്വേഷണങ്ങൾ ഓർമ്മിക്കുക. സ്നേഹമുള്ളതുകൊണ്ടാണ് അവർ അന്വേഷിക്കുന്നത്. അവസാനമായിട്ടൊരു തീരുമാനം ഉണ്ടാകുന്നതുവരെ അവർ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. പ്രതീക്ഷയാണ് അവരെ അതിനു പ്രേരിപ്പിക്കുന്നത്. അന്വേഷിക്കുന്നത് നാം കണ്ടെത്തുക തന്നെ ചെയ്യും.

ആഴ്ചയുടെ ഒന്നാം ദിവസം രാവിലെ ക്രിസ്തുവിന്റെ ശവകുടീരം സന്ദർശിക്കാൻ പോയ മറിയമാരെക്കുറിച്ചാലോചിക്കുക. എന്തു സ്നേഹമായിരുന്നു അവർക്ക് ക്രിസ്തുവിനോട്. തങ്ങൾക്ക് ഇതുവരെ കരുത്തും കാവലുമായുണ്ടായിരുന്നവൻ ഇപ്പോൾ കൂടെയില്ലെന്ന് മനസ്സിലാക്കിയിട്ടും അവനോടുള്ള സ്നേഹത്തിൽ നിന്ന് പുറത്തുകടക്കാൻ അവർക്കാകുന്നില്ല. അവൻ തങ്ങളോടുകൂടെയുണ്ടെന്ന ബോധ്യത്തോടെയുള്ള ആ സഞ്ചാരത്തിൽ തങ്ങൾക്ക് നേരിടാനുള്ള ചില പ്രതിസന്ധികളെയും വെല്ലുവിളികളെയും കുറിച്ച് അവർ ബോധവതികളുമായിരുന്നു. തങ്ങൾ നോട്ടപ്പുള്ളികളാകുമെന്നും. എന്നിട്ടും അതിനെയെല്ലാം അതിജീവിച്ച് ശവകുടീരത്തിൽ എത്താൻ മാത്രം പ്രതിബന്ധങ്ങളെ അറിയാത്ത വിധത്തിലുള്ള സ്നേഹം അവരിലുണ്ടായിരുന്നു. സ്നേഹത്തോടെയുള്ള അന്വേഷണങ്ങളും വെല്ലുവിളികളെ ഏറ്റെടുക്കാനുള്ള സന്നദ്ധതയും നമ്മുടെ ഏതുതരം അന്വേഷണങ്ങളിലും ഉണ്ടാകണം.

എത്രയോ വർഷമായി നാം ക്രിസ്ത്യാനികളായി ജീവിക്കുന്നു.



പക്ഷേ നാം ക്രിസ്തുവിനെ കണ്ടെത്തിയിട്ടുണ്ടോ? ക്രിസ്തുവിനെയാണ് അന്വേഷിക്കുന്നതെന്ന മട്ടിൽ നാം മറ്റെന്തൊക്കെയോ അന്വേഷിക്കുകയായിരുന്നു. അല്ലെങ്കിൽ ക്രിസ്തുവില്ലാത്ത ഇടങ്ങളിലാണ് നാം അവിടുത്തെ അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ഇനിയും നമ്മൾ പൂർണാർത്ഥത്തിൽ ക്രിസ്തുവിനെ സ്വന്തമാക്കാത്തത്. അതുകൊണ്ട്, എവിടെയാണ് ക്രിസ്തുവെന്ന ബോധ്യത്തോടെ അവിടുത്തെ അന്വേഷിക്കാൻ ഈസ്റ്റർ ദിനത്തിൽ നമുക്ക് പ്രേരണയുണ്ടാകട്ടെ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com